## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.631. 13.06. 2012-ൽ മറുപടിയ്ക്ക്**

## ക്യൂബൻ മോഡൽ ആരോഗ്യ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീമതി. ഗീതാഗോപി<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. ജി.എസ്.ജയലാൽ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ക്യൂബൻ മോഡൽ ആരോഗ്യ പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഇതുവരെ തീരുമാനിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യവും പ്രവർത്തന രീതിയും എന്തായിരുന്നു; | (ബി) | 24 മണിയ്ക്കൂറും രോഗികൾക്ക് സേവനം ലഭ്യമാക്കുകയും അതോടൊപ്പം തന്നെ കുടുംബ ഡോക്ടർ എന്ന ആശയത്തിലൂന്നി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് ക്യൂബൻ മോഡൽ ആശുപത്രിയുടെ ലക്ഷ്യം.<br>2009 ഫെബ്രുവരി-മാർച്ചിൽ ആശ വോളന്റിയേഴ്സിന്റെ സർവ്വേ വട്ടിയൂർക്കാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിനു കീഴിലുള്ള മുഴുവൻ വീടുകളിലും നടത്തുകയും അതിലൂടെ ലഭ്യമായ വിവരങ്ങൾ കംപ്യൂട്ടറിൽ ശേഖരിയ്ക്കുകയും ഓരോ കുടുംബത്തിനും പ്രത്യേകമായി ഓരോ ഹെൽത്ത് കാർഡ് നൽകുകയും ചെയ്തു. ഹെൽത്ത് കാർഡുമായി ഓരോ വ്യക്തിക്കും പ്രത്യേകമായ ക്ലിനിക്കൽ രജിസ്റ്റർ ആശുപത്രിയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ മാസവും സബ് സെന്റർ അടിസ്ഥാനത്തിൽ ജീവിത |

| | | | |
|---|---|---|---|
| | | | ശൈലീരോഗക്ലിനിക്കുകൾ കഴിഞ്ഞ മൂന്നു വർഷമായി തുടർച്ചയായി നടത്തി വരുന്നു. ഈ ക്ലിനിക്കിൽ വരുന്ന ഓരോ രോഗിക്കും ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ ഒരു മാസത്തേക്ക് ആശുപത്രിയിൽ നിന്നും സൗജന്യമായി നൽകി വരുന്നു. ആഴ്ചയിലൊരിക്കൽ എല്ലാ സബ് സെന്ററിന്റെ കീഴിലും വരുന്ന കിടപ്പുരോഗികളെ ഡോക്ടർ ഉൾപ്പെടെയുള്ള ടീം സന്ദർശിച്ച് ആവശ്യമായ പരിചരണവും മരുന്നും നൽകി വരുന്നു. കഴിഞ്ഞ രണ്ടു വർഷമായി സ്പെഷ്യാലിറ്റി ക്ലിനിയ്ക്കുകൾ ആഴ്ചയിൽ നാലു ദിവസം നടത്തി വരുന്നു. എല്ലാ ചൊവ്വാഴ്ചയും ഗൈനക്കോളജി വിഭാഗം ഡോക്ടറുടേയും ബുധനാഴ്ച എല്ലുരോഗ വിദഗ്ദ്ധ ന്റേയും വ്യാഴാഴ്ച നേത്രരോഗ വിദഗ്ദ്ധന്റേയും വെള്ളിയാഴ്ച ദിവസങ്ങളിൽ ശിശുരോഗ വിദഗ്ദ്ധ ന്റേയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിക്കു പകരമായി പുതിയ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കുമോ; | (സി) | ഇല്ല |
| (ഡി) | പുതിയ പദ്ധതിക്ക് കേന്ദ്രാനുമതി ആവശ്യമുണ്ടോ? | (ഡി) | ഉത്തരം 'സി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

B.V. Kumar

സെക്ഷൻ ഓഫീസർ